ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:14.06.2026**

## പ്രധാനവാർത്തകൾ

1. പരസ്പര വിശ്വാസത്തിലും ഭാവിയെക്കുറിച്ചുള്ള പൊതുവായ കാഴ്ചപ്പാടിലും വേരൂന്നിയ ശാശ്വതമായ ബന്ധമാണ് ഇന്ത്യയും ഫ്രാൻസും തമ്മിലുള്ളതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

2. കെ എസ് ആർ ടി സിയെ പ്രൊഫഷണലാക്കി പൊതുഗതാഗത സംവിധാനം സംരക്ഷിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ഓർഡിനറി ബസുകളിൽ സ്ത്രീകളുടെ സൗജന്യ യാത്രാ പദ്ധതിക്ക് നാളെ തുടക്കമാകും.

3. സംസ്ഥാനത്ത് ഷിഗെല്ല പ്രതിരോധ പ്രവർത്തനങ്ങൾ കർശനമാക്കിയതായി മന്ത്രി കെ മുരളീധരൻ. പുതിയ നിപ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും മന്ത്രി.

4. ശബരിമല സ്വർണാപഹരണ കേസിൽ തുടരന്വേഷണത്തിനായി ഹൈക്കോടതിയുടെ മേൽനോട്ടത്തിലുള്ള പ്രത്യേക അന്വേഷണ സംഘം ഇന്ന് സന്നിധാനത്ത് എത്തി.

5. സംസ്ഥാനത്ത് ശക്തമായ മഴയ്ക്കും കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് അഞ്ച് ജില്ലകളിൽ മഞ്ഞ ജാഗ്രത.

RNU TVPM

6. ഫിഫ ലോകകപ്പിൽ ഇന്ന് ജർമനി-ക്യൂറസാവോയെ നേരിടും. **ICC** വനിത **T**-20 ലോകകപ്പിൽ ഇന്ത്യ - പാകിസ്ഥാൻ പോരാട്ടം.

**&&&&&&&&&&&&&&&&&**

<u>പ്രധാനമന്ത്രി -ഫ്രാൻസ്</u>

ഫ്രാൻസിലെ നീസിൽ നടന്ന ഭാരത് ഇന്നവേറ്റ്സ് പരിപാടി പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണും സംയുക്തമായി ഉദ്ഘാടനം ചെയ്തു. പരസ്പര വിശ്വാസം, ഭാവിയെക്കുറിച്ചുള്ള പൊതുവായ കാഴ്ചപ്പാട്, സമാനമായ മൂല്യങ്ങൾ എന്നിവയിൽ വേരൂന്നിയ ശാശ്വതമായ ബന്ധമാണ് ഇന്ത്യയും ഫ്രാൻസും തമ്മിലുള്ളതെന്ന് ശ്രീ. മോദി ചടങ്ങിൽ പറഞ്ഞു. നവീകരണം, സാങ്കേതികവിദ്യ, ഇന്ത്യയിലെ യുവാക്കളുടെ അഭിലാഷങ്ങൾ എന്നിവയാണ് രാജ്യത്തിന്റെ പരിവർത്തനത്തെ നയിക്കുന്നതെന്നും ഭാവിയെ രൂപപ്പെടുത്തുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. നൂതനാശയങ്ങളുടെയും സാങ്കേതികവിദ്യയിലെ വിപ്ലവകരമായ ശക്തിയുടെയും രാജ്യമായാണ് ഇന്ത്യയെ നോക്കിക്കാണുന്നതെന്ന് ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ പറഞ്ഞു. വിദേശകാര്യ മന്ത്രി എസ് ജയശങ്കർ, വാണിജ്യ വ്യവസായ മന്ത്രി പീയുഷ് ഗോയൽ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

RNUTVPM

**&&&&&&&&&&&&&&&&&**

<u>പ്രധാനമന്ത്രി -സ്ലോവാകിയയിൽ</u>

ഇന്ന് രാത്രി ബ്രാട്ടിസ്ലാവിയയിൽ എത്തുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സ്ലോവാകിയൻ പരമ്പരാഗത രീതിയിലെ വരവേൽപ്പ് നൽകും.

**കൂടുതൽ വിവരങ്ങളുമായി ബ്രാട്ടിസ്ലാവിയയിൽ നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**

(വോയിസ്)

**&&&&&&&&&&&&&&&&&**

<u>കിരൺ റിജിജു</u>

കഴിഞ്ഞ പന്ത്രണ്ട് വർഷങ്ങളായി വികസന നേട്ടങ്ങൾ രാജ്യത്തെ എല്ലാ വിഭാഗങ്ങളിലും എത്തുന്നുവെന്ന് കേന്ദ്ര മന്ത്രി കിരൺ റിജിജു. സബ്കാ സാത്ത് സബ്കാ വികാസ് എന്ന ദർശനം ന്യൂനപക്ഷ സമുദായങ്ങളുടെ ജീവിതവും ഗുണനിലവാരവും ഏറെ മെച്ചപ്പെടുത്തിയെന്നും അദ്ദേഹം പറഞ്ഞു. ഒരു ദേശീയ ദിനപത്രത്തിന് നൽകിയ അഭിമുഖത്തിൽ പറഞ്ഞതാണ് ഇക്കാര്യം.

**&&&&&&&&&&&&&&&&&**

<u>പ്രിയദർശിനി സൗജന്യ യാത്ര</u>

സംസ്ഥാനത്ത് ഓർഡിനറി ബസുകളിൽ സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും സൗജന്യ യാത്ര അനുവദിക്കുന്ന 'പ്രിയദർശിനി' പദ്ധതിക്ക് നാളെ തുടക്കമാകും. സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി ഡി സതീശൻ തിരുവനന്തപുരം തമ്പാനൂർ ബസ് ടെർമിനലിൽ നിർവഹിക്കും. പ്രായഭേദമന്യ എല്ലാ സ്ത്രീകൾക്കും ദൂരപരിധിയില്ലാതെ ഓർഡിനറി ബസുകളിൽ യാത്ര ചെയ്യാനാകും. ഈ ബസുകളിൽ പ്രിയദർശിനി എന്ന് പ്രത്യേകം രേഖപ്പെടുത്തിയിരിക്കും.

**&&&&&&&&&&&&&&&&&**

## മുഖ്യമന്ത്രി-കെ.എസ്.ആർ.ടി.സി

കെ എസ് ആർ ടി സിയെ കൂടുതൽ പ്രൊഫെഷണലാക്കി പൊതുഗതാഗത സംവിധാനം സംരക്ഷിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. ആലുവ-പറവൂർ റൂട്ടിൽ പുതുതായി അനുവദിച്ച കെ.എസ്.ആർ.ടി.സി. ബസുകളുടെ ഫ്ലാഗ് ഓഫ് നിർവഹിക്കുകയായിരുന്നു അദ്ദേഹം. കെ എസ് ആർ ടി സി യെ പ്രൊഫഷണൽ ആക്കാനായി പഠനങ്ങൾ നടത്തുമെന്നും പൊതുഗതാഗത സംവിധാനത്തെ ഏറ്റവും മികച്ച രീതിയിൽ നിലനിർത്താനാണ് സർക്കാർ ശ്രദ്ധിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

## ശബരിമല സ്വർണകൊള്ള

RNU TVPM

ശബരിമല സ്വർണാപഹരണകേസിൽ തുടരന്വേഷണത്തിനായി ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന പ്രത്യേക അന്വേഷണ സംഘം ഇന്ന് സന്നിധാനത്ത് എത്തി. എസ്. പി എസ്.ശശിധരൻ്റെ നേതൃത്വത്തിലുള്ള സംഘമാണ് സന്നിധാനത്ത് എത്തിയിട്ടുള്ളത്. അന്വേഷണത്തിന്റെ ഭാഗമായ പരിശോധന അല്പസമയത്തിനകം ആരംഭിക്കും.

&&&&&&&&&&&&&&&&&

## നിപ

സംസ്ഥാനത്ത് പുതിയ നിപ കേസുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് ആരോഗ്യ മന്ത്രി കെ. മുരളിധരൻ. കോഴിക്കോട് നിപ പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താൻ ചേർന്ന യോഗത്തിനു ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. രോഗലക്ഷണങ്ങൾ

പ്രകടിപ്പിച്ച 11 പേരുടെ പരിശോധനാഫലം നെഗറ്റീവായി. ആകെ 30 പരിശോധനകളാണ് ഇതുവരെ നടത്തിയത് . നിപ സ്ഥിരീകരിച്ച രാമനാട്ടുകര സ്വദേശി കോഴിക്കോട് മെഡിക്കൽ കോളേജിൽ വെന്റിലേറ്ററിൽ തുടരുകയാണ്. രോഗബാധ റിപ്പോർട്ട് ചെയ്ത രാമനാട്ടുകര മുൻസിപ്പാലിറ്റിയിലെ അഞ്ചാം ഡിവിഷനിൽ നിലവിൽ ആർക്കും രോഗലക്ഷണങ്ങളില്ല. ശക്തമായ പ്രതിരോധ നടപടികൾ സ്വീകരിച്ചതായും മരുന്നിന് ക്ഷാമമില്ലെന്നും മന്ത്രി പറഞ്ഞു. യോഗത്തിനു ശേഷം അദ്ദേഹം മെഡിക്കൽ കോളെജ് ആശുപത്രി സന്ദർശിച്ചു.

**&&&&&&&&&&&&&&&&&**

<u>ഷിഗെല്ല- കെ മുരളീധരൻ - (ഇ ൻട്രോ)</u>

ഷിഗെല്ല പ്രതിരോധ പ്രവർത്തനങ്ങൾ കർശനമാക്കിയതായി ആരോഗ്യ മന്ത്രി കെ മുരളീധരൻ. സംസ്ഥാനത്ത് ഇതുവരെ 135 ഷിഗെല്ല കേസുകളും 3 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 'സ്റ്റോപ്പ് ഡയേറിയ കാമ്പയിൻ ' നടത്തുന്നതായും, മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തിയതായും അദ്ദേഹം പറഞ്ഞു. സ്കൂളുകളിലെ കിണറുകളിൽ പരിശോധന നടത്തുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പിൻറെ നേതൃത്വത്തിൽ ഹോട്ടലുകളിൽ പ്രത്യേക പരിശോധനയ്ക്കും മന്ത്രി നിർദേശം നൽകി.

(വോയിസ് -മന്ത്രി കെ മുരളീധൻ.....)

ഷിഗെല്ല റിപ്പോർട്ട് ചെയ്യുന്ന പ്രദേശങ്ങളിൽ എം എൽ എമാരുടെ നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനത്തിന് നിർദേശം നൽകിയതായും ആരോഗ്യമന്ത്രി അറിയിച്ചു.

**&&&&&&&&&&&&&&&&&**

<u>ഫിഫ</u>

RNJ TVPM

ഫിഫ ലോകകപ്പിൽ ഇന്ന് രാത്രി നടക്കുന്ന മത്സരത്തിൽ ജർമനി - ക്യൂറസാവോയെ നേരിടും. രാവിലെ നടന്ന മത്സരങ്ങളിൽ ഓസ്ട്രേലിയ-തുർക്കിയെയും, സ്കോട്ലാൻഡ്-ഹെയ്തിയെയും പരാജയപ്പെടുത്തി. ഖത്തർ-സ്വിറ്റ്സർലാന്റ് , ബ്രസീൽ-മൊറോക്കോ മത്സരങ്ങൾ സമനിലയിൽ കലാശിച്ചു.

&&&&&&&&&&&&&&&&&

## ICC വനിത T20

ICC വനിത T20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ- പാകിസ്ഥാൻ മത്സരം അൽപസമയത്തിനകം ആരംഭിക്കും. ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തെരഞ്ഞെടുത്തു.

&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കില്ല.

&&&&&&&&&&&&&&&&&

## സെൻസെസ്

സംസ്ഥാനത്ത് സെൻസസിൻറെ ഭാഗമായുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം മറ്റന്നാൾ മുതൽ ഈ മാസം 30 വരെ ലഭ്യമാകും. സെൻസസിനായി വിപുലമായ

PNU TVPM

ക്രമീകരണങ്ങളാണ് തിരുവനന്തപുരം ജില്ലയിൽ ഒരുക്കിയിരിക്കുന്നത്. ജില്ലയെ 5,608 ഹൗസ്‌ലിസ്റ്റിംഗ് ബ്ലോക്കുകളായി തിരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&

## ആർ എസ് എസ് ശതാബ്ദി

ആർ എസ് എസ് ശതാബ്ദിയുടെ ഭാഗമായി തൃശ്ശൂരിൽ സംഘടിപ്പിച്ച പ്രഭാഷണ സഭയിൽ പങ്കെടുക്കുന്നതിനായി സർസംഘചാലക് ഡോ. മോഹൻ ഭാഗവത് തൃശ്ശൂരിൽ എത്തി. മൂന്ന് ദിവസത്തെ കേരള സന്ദർശനത്തിനായി എത്തിയ അദ്ദേഹം നാളെ രാവിലെ ബെംഗളുരുവിലേക്ക് പുറപ്പെടും.

&&&&&&&&&&&&&&&&&

## പത്മ പുരസ്കാരങ്ങൾ

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ നടൻ മമ്മൂട്ടി പദ്മഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.

RNUTVPM

&&&&&&&&&&&&&&&&&

## ശബരിമല നട തുറന്നു

മിഥുനമാസ പൂജയ്ക്കായി ശബരിമല നട തുറന്നു. തന്ത്രി കണ്ഠര് മഹേഷ് മോഹനരുടെ സാന്നിധ്യത്തിൽ മേൽശാന്തി പ്രസാദ് നടതുറന്ന് ദീപം തെളിയിച്ചു. മിഥുനം ഒന്നായ നാളെ രാവിലെ അഞ്ചിനു നടതുറന്ന് പതിവ് പൂജകളും വിശേഷാൽ പൂജകളും ആരംഭിക്കും. ഈ മാസം 19 ന് നട അടയ്ക്കും.

&&&&&&&&&&&&&&&&&

## അവലോകന യോഗം - ഇടു ക്കി

ഇടുക്കി മെഡിക്കൽ കോളേജിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, ജീവനക്കാരുടെ അഭാവം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ അവലോകന യോഗം ചേർന്നു. വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നിർമ്മാണ ഏജൻസിയ്ക്ക് യോഗം നിർദേശം നൽകി. ജീവനക്കാരുടെ കുറവ് സംബന്ധിച്ച് സർക്കാരിൻ്റെ ശ്രദ്ധയിൽപ്പെടുത്താനും യോഗം തീരുമാനിച്ചു.

&&&&&&&&&&&&&&&&&

## ആഗോള ഓൺലൈൻ യോഗ പരിപാടി

അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി, ഗിന്നസ് ലോക റെക്കോർഡ് സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ, കേന്ദ്ര ആയുഷ് മന്ത്രാലയം ആഗോള ഓൺലൈൻ യോഗ പരിപാടി സംഘടിപ്പിച്ചു. 130-ലധികം രാജ്യങ്ങളിൽ നിന്നുള്ളവർ പരിപാടിയിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&

## വയോജനങ്ങൾ - മുഖ്യമന്ത്രി

മുതിർന്ന പൗരരോടുള്ള അതിക്രമങ്ങൾക്കെതിരെയുള്ള ബോധവൽകരണ ദിനാചരണം നാളെ. സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി വി. ഡി. സതീശൻ നിർവ്വഹിക്കും. വയോജനങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാനുള്ള ബോധവൽക്കരണ സന്ദേശം പൊതുജനങ്ങളിൽ എത്തിക്കുന്നതിനാണ് എല്ലാ വർഷവും ജൂൺ 15 ലോക വയോജന അതിക്രമ വിരുദ്ധ ദിനമായി ആചരിക്കുന്നത്.

RNUTVPM

&&&&&&&&&&&&&&&&&

<u>യു എസ്-ഇറാൻ</u>

ഇറാനുമായുള്ള സംഘർഷം അവസാനിപ്പിക്കുന്നതിനുള്ള കരാറിൽ ഇന്ന് ഒപ്പുവെക്കുമെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് സമൂഹമാധ്യമത്തിൽ അറിയിച്ചു. എന്നാൽ നിർദിഷ്ട കരാറുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ലെന്ന് ഇറാൻ വ്യക്തമാക്കി. അതേസമയം ഇറാൻ - യുഎസ് സംഘർഷം അവസാനിപ്പിക്കുന്നത് സംബന്ധിച്ച ചർച്ചകൾക്കായി ഖത്തർ പ്രതിനിധി സംഘം ടെഹ്റാനിലെത്തി.

&&&&&&&&&&&&&&&&&

&&&&&&&&&&&

&&&

RNU TVPM